ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.03.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പ്രഥമ ഫിറ്റ് ഇന്ത്യ കാർണിവലിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ കാർണിവൽ ഉദ്ഘാടനം ചെയ്യും.

   **Union Youth Affairs and Sports Minister Dr. Mansukh Mandaviya will inaugurate the Fit India Carnival at JLN Stadium in New Delhi today.**

2. വോട്ടർ ഐഡിയും ആധാറും തമ്മിൽ ബന്ധിപ്പിക്കുന്നത് ചർച്ച ചെയ്യാൻ പ്രത്യേക യോഗം വിളിച്ച് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ.

   **Chief Election Commissioner Gyanesh Kumar has called for a meeting to discuss the linking of EPIC and Aadhaar.**

3. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഇന്ന് ഇന്ത്യയിൽ.

   **New Zealand PM Luxon to arrive in India today for five-day visit.**

4. മയക്കുമരുന്നിനെതിരെയുള്ള ഓപ്പറേഷൻ ഡി-ഹണ്ടിലൂടെ കേരളത്തിൽ ഇതുവരെ അറസ്റ്റിലായത് 234 പേർ.

   **234 people have been arrested so far in Kerala through Operation D-Hunt against drugs.**

5. **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം മുംബൈ ഇന്ത്യൻസിന്; ഡൽഹി ക്യാപിറ്റൽസിനെ 8 റൺസിന് പരാജയപ്പെടുത്തിയാണ് മുംബൈയുടെ കിരീട നേട്ടം.**

**In the Women's Premier League cricket summit clash, Mumbai Indians clinched their second title as Delhi Capitals choked for the third time in succession.**

*************************************

HEADLINE-1

## MANDAVIYA FIT INDIA CARNIVAL

പ്രഥമ ഫിറ്റ് ഇന്ത്യ കാർണിവലിന് ഇന്ന് ന്യൂഡൽഹിയിലെ JLN സ്റ്റേഡിയത്തിൽ തുടക്കമാവും. കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഇന്ന് കാർണിവൽ ഉദ്ഘാടനം ചെയ്യും. ആരോഗ്യമുള്ള, അമിതവണ്ണമില്ലാത്ത ഒരു രാഷ്ട്രം എന്ന ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ ദർശനവുമായി യോജിച്ച് ആരോഗ്യകരവും സജീവവുമായ ഒരു ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നതാണ് മൂന്ന് ദിവസത്തെ ഫിറ്റ്നസ് ആൻഡ് വെൽനസ് ഫെസ്റ്റിവലിന്റെ ലക്ഷ്യം. കേന്ദ്രസഹമന്ത്രി രക്ഷ ഖഡ്സെ, നടൻ ആയുഷ്മാൻ ഖുറാന എന്നിവരും ഉദ്ഘാടനത്തിൽ പങ്കെടുക്കും. പരിപാടിയിൽ, വരാനിരിക്കുന്ന ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ ലോഗോയും ഗാനവും അനാച്ഛാദനം ചെയ്യും. ഖേലോ ഇന്ത്യ പാരാ ഗെയിംസ് ഈ മാസം 20 ന് ദേശീയ തലസ്ഥാനത്ത് ആരംഭിക്കും.

**********************************

## PM PODCAST

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പ്രശസ്ത പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ് മാൻ നടത്തിയ അഭിമുഖം

ഇന്ന് സംപ്രേഷണം ചെയ്യും. ലെക്സ് ഫ്രിഡ്മാനുമായുള്ള തന്റെ പോഡ്കാസ്റ്റ് കേൾക്കാൻ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. പോഡ്കാസ്റ്ററും എഐ ഗവേഷകനും ശാസ്ത്രജ്ഞനുമായ ഫ്രിഡ്മാനുമായി മികച്ചതും ആഴത്തിലുള്ളതുമായ സംഭാഷണം നടന്നതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ സമയം ഇന്ന് വൈകിട്ട് 05.30-നാണ് പോഡ്കാസ്റ്റ് പബ്ലിഷ് ചെയ്യുക. പ്രധാനമന്ത്രി മോദിയുമായി 3 മണിക്കൂർ നീണ്ടുനിന്ന പോഡ്കാസ്റ്റ് സംഭാഷണം നടത്തിയതായി ഫ്രിഡ്മാൻ പറഞ്ഞു.

********************************

HEADLINE-2

## EC EPIC

വോട്ടർ ഐഡിയും ആധാറും തമ്മിൽ ബന്ധിപ്പിക്കുന്നത് ചർച്ച ചെയ്യാൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പ്രത്യേക യോഗം വിളിച്ചു. മറ്റന്നാൾ നടക്കുന്ന യോഗത്തിൽ ആഭ്യന്തര സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, UIDAI സിഇഒ തുടങ്ങിയവർ പങ്കെടുക്കും. തെരഞ്ഞെടുപ്പ് പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് അടുത്ത മാസം 30-നകം നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

********************************

HEADLINE-3

## NEWZELAND PM - INDIA

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഇന്ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ

ക്ഷണപ്രകാരമാണ് സന്ദർശനം. വിദേശകാര്യമന്ത്രി എസ് ജയശങ്കറുമായി ഇന്ന് അദ്ദേഹം കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ക്രിസ്റ്റഫർ ലക്സൺ നാളെ കൂടിക്കാഴ്ച നടത്തുന്നുണ്ട്. നാളെ നടക്കുന്ന 10-ാമത് റെയ്സീന ഡയലോഗ് 2025-ൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. സന്ദർശനത്തിനിടെ ന്യൂസിലന്റ് പ്രധാനമന്ത്രി മുംബൈയും സന്ദർശിക്കും.

*********************************

## VAISHNAW - TN (INTRO)

തമിഴ്നാട്ടിൽ രണ്ട് ഇലക്ട്രോണിക്സ് നിർമ്മാണ ക്ലസ്റ്ററുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. 1,112 കോടി രൂപ നിക്ഷേപത്തിൽ 15 ഏക്കറിലായി പിള്ള പാക്കത്തും മണലൂരുമായിരിക്കും പുതിയ ക്ളസ്റ്ററുകൾ സ്ഥാപിക്കുക. ആഗോള ഇലക്ട്രോണിക്സ് ഉൽപന്ന നിർമാണ മേഖലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുക എന്നതാണ് ഈ സംരംഭത്തിൻറെ ലക്ഷ്യമെന്ന് ശ്രീ അശ്വിനി വൈഷ്ണവ് ഇന്നലെ ചെന്നൈയിൽ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*********************************

## INDIA - MORGAN STANLEY

2028 ഓടെ, ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറുമെന്ന് ആഗോള ധനകാര്യ സേവന സ്ഥാപനമായ മോർഗൻ സ്റ്റാൻലി റിപ്പോർട്ട്. 2023 ൽ 3.5 ട്രില്യൺ ഡോളറായിരുന്ന രാജ്യത്തിൻറെ സമ്പദ്‌വ്യവസ്ഥ 2026 ഓടെ 4.7 ട്രില്യൺ

ഡോളറായും 2028 ൽ 5.7 ട്രില്യൺ ഡോളറായും വളരുമെന്നും റിപ്പോർട്ട് പറയുന്നു. ആഗോള ജിഡിപിയിൽ ഇന്ത്യയുടെ സംഭാവന 2029 ആകുമ്പോഴേക്കും 4.5 ശതമാനമായി ഉയരുമെന്നും പ്രതീക്ഷിക്കുന്നു. ലോകത്തെ ഏറ്റവും മൂല്യമുള്ള ഉപഭോക്തൃ വിപണിയായി ഇന്ത്യ ഉയർന്നുവെന്നും, റിപ്പോർട്ട് പറയുന്നു.

*********************************

## PADMA AWARDS

2026 - ലെ പത്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. ജൂലൈ 31 ആണ് അവസാന തീയതി. നാമനിർദ്ദേശങ്ങളും ശുപാർശകളും രാഷ്ട്രീയ പുരസ്കാര പോർട്ടലിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ മികച്ചതും അസാധാരണവുമായ നേട്ടങ്ങൾക്കാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്.

*********************************

HEADLINE-4

## OPERATION D HUNT -KERALA

കേരളത്തിൽ ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി കഴിഞ്ഞ ദിവസം നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2,362 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 222 കേസുകൾ രജിസ്റ്റർ ചെയ്തു. 234 പേരാണ് അറസ്റ്റിലായത്. നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന

നിയമനടപടികൾ സ്വീകരിക്കുന്നതിനാണ് മാർച്ച് 14ന് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഡി-ഹണ്ട് നടത്തിയത്. റേഞ്ച് അടിസ്ഥാനത്തിലുള്ള എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും ജില്ലാ പോലീസ് മേധാവിമാരും ചേർന്നാണ് ഓപ്പറേഷൻ ഡി-ഹണ്ട് നടപ്പാക്കുന്നത്.

**********************************

## VANDIPERIYAR (INTRO)

കടുവയുടെ സാന്നിധ്യം കണ്ടെത്തിയതിനാൽ ഇടുക്കി, വണ്ടിപ്പെരിയാർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ ഇന്ന് വൈകിട്ട് 6 മണി വരെ നിരോധനാജ്ഞ പ്രഖ്യാപിച്ചു. കടുവയെ മയക്കുവെടി വെച്ച് പിടികൂടാനാണ് ശ്രമം.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

**********************************

## P RAJEEV

എല്ലാ സേവനങ്ങളും ഓൺലൈനായാൽ അഴിമതി കുറയുകയും സുതാര്യത ഉറപ്പാകുകയും ചെയ്യുമെന്ന് മന്ത്രി പി. രാജീവ്. ആധുനികവത്കരണം നടപ്പാക്കുമ്പോഴുള്ള തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുമെന്ന് മന്ത്രി എറണാകുളത്ത് പറഞ്ഞു.

**********************************

## BIS

ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയുള്ള നിയമാനുസൃതമല്ലാത്ത ഉൽപ്പന്നങ്ങളുടെ വിതരണം തടയാൻ, നടപടിയുമായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്. ലഖ്നൗ, ഗുരുഗ്രാം, ഡൽഹി തുടങ്ങിയ നഗരങ്ങളിലെ ആമസോൺ, ഫ്ലിപ്കാർട്ട് ഉൾപ്പെടെയുള്ള പ്രമുഖ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളുടെ ഒന്നിലധികം സംഭരണ കേന്ദ്രങ്ങളിൽ B.I.S. പരിശോധനയും പിടിച്ചെടുക്കലും നടത്തി.

*********************************

HEADLINE-5

## CRICKET - WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം മുംബൈ ഇന്ത്യൻസിന്. മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ, ഡൽഹി ക്യാപിറ്റൽസിനെ 8 റൺസിന് തകർത്താണ് മുംബൈ ഇന്ത്യൻസ് രണ്ടാം കിരീടം സ്വന്തമാക്കിയത്. 150 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ഡൽഹിക്യാപിറ്റൽസിനു 141 റൺസെടുക്കാനെ സാധിച്ചുള്ളൂ. 44 പന്തിൽ 66 റൺസെടുത്ത ക്യാപ്റ്റൻ ഹർമൻ പ്രീത് കൗർ ആണ് മുംബൈയുടെ വിജയശിൽപി. ഹർമൻപ്രീത് കൗറിനെ കളിയിലെ താരമായി തിരഞ്ഞെടുത്തു.

*********************************

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനൽ മത്സരം ഏപ്രിൽ 12 ന് നടക്കും. വേദി പിന്നീട് തീരുമാനിക്കും. ഈ മാസം 29 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ മുംബൈ സിറ്റി എഫ് സി - ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും.

*********************************

## HOCKEY INDIA AWARDS

ഇന്ത്യൻ ഹോക്കി ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗിനും സീനിയർ ഗോൾകീപ്പർ സവിത പുനിയയ്ക്കും ഹോക്കി ഇന്ത്യ- ബൽബീർ സിംഗ് -സീനിയർ പ്ലെയർ ഓഫ് ദി ഇയർ പുരസ്കാരം. 2024 പാരീസ് ഒളിമ്പിക്സ് പുരുഷ ഹോക്കിയിൽ, ഇന്ത്യയെ വെങ്കല മെഡലിലേക്ക് നയിക്കുന്നതിൽ ഹർമൻപ്രീതിന്റെ പങ്ക് വലുതായിരുന്നു. ടോക്കിയോ ഒളിമ്പിക്സിലെ ഇന്ത്യയുടെ വനിതാ ഹോക്കി ടീമിൽ സവിത അംഗമായിരുന്നു.

**********************************

## WEATHER-KERALA

കേരളത്തിൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ താപനില മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. അതെസമയം, ചിലയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

**********************************

## SPACEX-SUNITA WILLIAMS

ഒമ്പത് മാസമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന യുഎസ് ബഹിരാകാശയാത്രികരായ സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും തിരികെ ഭൂമിയിലേക്ക് എത്തിക്കാനുള്ള ദൗത്യം ആരംഭിച്ചു. സ്പേസ് എക്സും നാസയും സംയുക്തമായാണ് ദൗത്യം നടപ്പിലാക്കുന്നത്.

ഇന്ന് രാത്രി ഒൻപതിന് ക്രൂ–10 അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്യും.

*********************************

## US-YEMEN STRIKE

യെമൻ തലസ്ഥാനമായ സനയിൽ നിരവധി വ്യോമാക്രമണങ്ങൾ നടത്തി, അമേരിക്ക. ഇറാന്റെ പിന്തുണയുള്ള ഹൂതി വിമതർ, സമുദ്ര ഇടനാഴിയിലൂടെ കപ്പലുകൾക്ക് നേരെ നടത്തുന്ന ആക്രമണം അവസാനിപ്പിക്കുന്നതുവരെ ആക്രമണം തുടരുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു.

*********************************

## US-TORNADO

അമേരിക്കയുടെ മധ്യ, തെക്കൻ ഭാഗങ്ങളിൽ വീശിയടിച്ച ചുഴലിക്കാറ്റിലും ശക്തമായ കൊടുങ്കാറ്റിലും പെട്ട് 19 പേർ മരിച്ചു. നിരവധി വീടുകൾ തകർന്നു. വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. ഏറ്റവും കൂടുതൽ പേർ മരിച്ചത് മിസോറിയിലാണ്.

*

*****************

***********************************************